അനുഭവം

# വെളിച്ചം വന്ന് നിറഞ്ഞപ്പോൾ...

**പഴയ കൂട്ടുകാരികൾ പറഞ്ഞതനുസരിച്ച് ഖുർആൻ തൊട്ടാൽ എന്റെ കണ്ണ് പൊട്ടണമായിരുന്നു അത് സംഭവിച്ചില്ലെന്ന് മാത്രമല്ല, ജീവിതത്തിൽ ആദ്യമായി ഖുർആൻ കാണുകയും അത് സ്പർശിക്കുകയും ചെയ്ത നിമിഷം മുതൽ എന്റെ കണ്ണുകളിൽ വെളിച്ചം നിറയുകയും ഹൃദയം പ്രകാശപൂരിതമാവുകയുമായിരുന്നു.**

**സാജിദ**

കാസർഗോഡ് ജില്ലയിലെ മംഗലാപുരത്തിനോട് ചേർന്ന് നിൽക്കുന്ന മഞ്ചേശ്വരം താലൂക്കിലെ മീഞ്ച പഞ്ചായത്തിൽ ഒരു പാരമ്പര്യ ഹിന്ദു കുടുംബത്തിലെ, അച്ഛന്റേയും അമ്മയുടേയും നാല് സഹോദരന്മാരുടേയും സ്നേഹനിധിയായി ജനിച്ചു ജീവിച്ചു.

യാഥാസ്തിഥിക മുസ്‌ലിം കുടുംബങ്ങൾ തിങ്ങിത്താമസിക്കുന്ന പ്രദേശം, മുസ്‌ലിം വീടുകളിൽ കൂട്ടുകാരികളോടൊത്തുള്ള നിത്യ സഹവാസം. പ്രത്യേകിച്ച് ഹിന്ദുക്കളായ ഞങ്ങളുടെ വീടുകളും തൊട്ടടുത്തുള്ള മുസ്‌ലിം വീടുകളും തമ്മിൽ ഹിന്ദു-മുസ്‌ലിം വ്യത്യാസമൊഴികെ സംസ്കാരത്തിലും ജീവിതരീതിയിലും പ്രത്യേക വൈജാത്യങ്ങളൊന്നും കണ്ടില്ല. ഒരു മുസ്‌ലിമിൽ നിന്ന് ഇതുവരെ ഇസ്‌ലാമിനെ കുറിച്ച് ഒന്നും കേൾക്കാനും അറിയാനും അവസരം ലഭിച്ചിട്ടില്ല.

എസ്.എസ്.എൽ.സിക്ക് പഠിക്കുന്ന സമയത്ത് വീടിന് സമീപത്ത് ഒരു ഇസ്‌ലാമിക പ്രവർത്തകൻ കുടുംബസമേതം താമസം തുടങ്ങി. ചുറ്റുപാടിലുള്ള യാഥാസ്തിക വീട്ടിലെ സ്ത്രീകളും പുരുഷന്മാരുമായി അദ്ദേഹം നടത്തുന്ന ആദർശപരമായ ചർച്ചകൾ പലപ്പോഴും കേൾക്കാൻ അവസരം ലഭിച്ചു. ദൈവവിശ്വാസം, ഖബറാരാധന, വിഗ്രഹങ്ങൾ, പ്രാർഥന, ഇടത്തേട്ടം... എല്ലാ ചർച്ചകളും ഒരു കൗമാരക്കാരിയുടെ കുതൂഹലത്തോടെ- ചിലപ്പോൾ തമാശയായും, മറ്റു ചിലപ്പോൾ കാര്യമായും ശ്രദ്ധിച്ചു.

സന്മാർഗദർശനത്തിന്റെ വഴിതേട്ടത്തിന് സഹായമൊരുക്കുന്ന ചില ചിന്തകൾ മനസ്സിന്റെ ഏതോ കോണിൽ പരമകാരുണികനായ അല്ലാഹു നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. അറിഞ്ഞും അറിയാതെയും ആലോചിച്ചു പോയ ദൈവം, മുകളിൽ സൂചിപ്പിച്ച ഇസ്‌ലാമിക പ്രബോധകന്റെ സംസാരങ്ങളിൽ കടന്നുവന്നു. അവരുടെ സംസാരത്തിൽ നൽകിയ ശ്രദ്ധ പിന്നീട്

ചർച്ചകളിലെ ഇടപെടലായി മാറി. ഇസ്ലാമിക പ്രവർത്തകന്റെ അസാന്നിധ്യത്തിൽ അദ്ദേഹത്തിന്റെ ആശയങ്ങൾ എന്നിലുണ്ടാക്കിയ സ്വാധീനം, എന്റെ വിശ്വാസത്തിന് നൽകുന്ന ചോദന, എന്റെ അയൽവാസികളും കളികൂട്ടുകാരുമായവരോട് ഞാൻ ദീർഘനേരം സംസാരിച്ചു.

ഞങ്ങളുടെ വിഗ്രഹാരാധനയും നിങ്ങളുടെ ഖബറാരാധനയും ഒരുപോലെയല്ലേ എന്ന ചോദ്യത്തിന് പലപ്പോഴും അവർക്ക് മറുപടി നൽകാനായിരുന്നില്ല. സഹപാഠിയായിരുന്ന ക്രിസ്ത്യൻ കൂട്ടുകാരിയുമായും ഈ കാര്യങ്ങൾ സംവദിക്കാൻ അവസരങ്ങളുണ്ടാക്കി.

എസ്.എസ്.എൽ.സിക്ക് ശേഷം ഒരു ഹിന്ദി കോഴ്സ് പഠിക്കാൻ ഗ്രാമത്തിൽ നിന്നും അൽപം അകലെ ഒരു കോളജിൽ ചേർന്നു. ആശയപരമായ സംഘട്ടനം മനസ്സിന്റെ സ്വസ്ഥത തന്നെ നഷ്ടപ്പെടുത്തിയിരുന്ന ഒരു ഘട്ടത്തിൽ, സത്യസന്ദേശത്തിന്റെ ആളിപ്പടരുന്ന ആശയങ്ങളെ, അതിനെ ഗൗരവമായി സ്വീകരിക്കാത്ത കൂട്ടുകാരികളോടും പോലും അതീവ ഗൗരവത്തോടെ സംവദിക്കാൻ കാരണമാക്കി. പുതിയ പഠനകേന്ദ്രത്തിൽ ഒരു മുസ്ലിം പെൺകുട്ടിയെ പരിചയപ്പെട്ടു. ഇസ്ലാഹീ കുടുംബ പശ്ചാത്തലത്തിൽ നിന്ന് വരുന്നു. അമ്പലത്തിൽ പോകുന്നതിനെ സംബന്ധിച്ചും വിഗ്രഹങ്ങളോട് പ്രാർഥിക്കുന്നതിനെ സംബന്ധിച്ചും ഞാനുന്നയിച്ച സംശയങ്ങൾക്ക് മറുപടി നൽകാൻ കഴിയാതെ വിഷമിക്കുമ്പോഴും അത് നമ്മുടെ വിശ്വാസമാണെന്ന ആശ്വാസവാക്കുകളിൽ സ്വയം സമാധാനം കണ്ടെത്തുകയായിരുന്നു അമ്മ ചെയ്തിരുന്നത്.

ഇരുപത് വയസ്സ് കഴിഞ്ഞേ വിവാഹം കഴിപ്പിക്കൂവെന്ന് തീരുമാനിച്ച വീട്ടുകാർ പക്ഷേ എന്റെ വിശ്വാസരംഗത്തെ സംശയങ്ങളിൽ നിന്നുണ്ടായ ആശങ്ക നിമിത്തം വിവാഹം നേരത്തെ നിശ്ചയിച്ചു; അതും ബോംബെയിലെ ഒരു ഉന്നത കുടുംബത്തിലേക്ക്.

വീട്ടിൽ നിന്നിറങ്ങൽ മാത്രമാണ് എന്റെ വിശ്വാസമനുസരിച്ച് ജീവിക്കാനുള്ള ഏക വഴിയെന്ന ഘട്ടം സംജാതമായി. പക്ഷെ എങ്ങിനെ പുറത്ത് പോകും? പടച്ചവന്റെ സഹായം അവിടെ തുണച്ചു. അവിചാരിതമായി വീട്ടിൽ വന്ന അമ്മയുടെ സഹോദരിയുടെ വീട്ടിൽ അമ്മയുടെ അനുവാദത്തോടെ വിരുന്നിനു പോകാനുള്ള അവസരം കൈവന്നത് അങ്ങിനെയാണ്. അല്ലാഹുവിന്റെ വഴിയിൽ ഏത് തടസ്സവും വകഞ്ഞുമാറ്റാൻ തീരുമാനമെടുത്തു. പതിനെട്ട് വയസ്സുകാരിയായ ഒരു പെൺകുട്ടിയിലേക്ക് ബസ്സ് കയറി ടൗണിൽ ബസ്സിറങ്ങി. നേരം ഇരുട്ടിത്തുടങ്ങിയിരിക്കുന്നു... എങ്ങോട്ട് പോകണമെന്നും എങ്ങിനെ പോകണമെന്നുമറിയാതെ അന്തിച്ചു നിൽക്കുമ്പോൾ മുമ്പിലൊരു ഓട്ടോറിക്ഷ... "എങ്ങോട്ടേക്കാ?" ഭയാശങ്കകളെ അകത്തിട്ടച്ച് അല്ലാഹുവിന്റെ മാർഗത്തിൽ തുടങ്ങിയ ഈ യാത്രയുടെ പര്യവസാനം തീരുമാനിക്കേണ്ടത് അല്ലാഹുവാണല്ലോ... അതുവരെ കേൾക്കാത്ത, പറയാത്ത പേര് ഞാനറിയാതെ ഞാൻ നാവിൻ തുമ്പത്ത് വന്നു. "മഊനത്തുൽ ഇസ്ലാം സഭ".

അവിടെ നിന്ന് ഏറ്റെടുക്കാനാളില്ലാത്ത ഘട്ടത്തിൽ, ഇപ്പോൾ വനിതകളുടെ അവകാശങ്ങൾക്കായി കോലാഹലം സൃഷ്ടിക്കുന്ന ഒരു മുസ്ലിം സംഘടനയുടെ സ്ഥാപനത്തിൽ എത്തിപ്പെട്ടു. മാസങ്ങളോളം അവിടെ താമസിച്ചു. ജീവിതത്തിൽ ഏറെ ദുഃഖകരമായ ചില പൊരുത്തക്കേടുകൾ അവിടെ കണ്ടു. ഇസ്ലാമിന്റെ വെള്ളിവെളിച്ചം മനസ്സിലേറി കടന്നുവന്ന എന്നെപോലെ ഒട്ടനവധി പെൺകുട്ടികൾ... പക്ഷെ, ഇസ്ലാമികസംസ്കാരം പറയാനും പഠിപ്പിക്കാനും അവർ തയ്യാറായിരുന്നില്ല! അവിടെ വെച്ച് അനുഭവിച്ച കടുത്ത ചില പരീക്ഷണങ്ങൾ ഒരു തിരിച്ചുപോക്കിന് പോലും പ്രേരിപ്പിക്കാതിരുന്നില്ല. എന്നെ സ്വാധീനിച്ച, ഞാൻ നെഞ്ചിലേറ്റിയ ആശയങ്ങൾ അനുസരിച്ച് ജീവിക്കാനും, പകർന്നുനൽകാനും അവസരം ലഭിക്കുന്നില്ല എന്ന പ്രയാസം... ഇസ്ലാമിന്റെ ആദർശത്തിൽ നിന്നും പരിശുദ്ധിയിൽ നിന്നും കാതങ്ങളോളം അകലെയുള്ള സുഹൃത്തുക്കളുടെ പെരുമാറ്റം... തികച്ചും അസഹനീയമായ നാളുകളായിരുന്നു അത്.

ഇസ്ലാമിനെ ഉൾക്കൊണ്ട് രണ്ട് വർഷത്തിന് ശേഷം ഒരു സജീവ ഇസ്ലാമിക പ്രബോധകനുമായി എന്റെ വിവാഹം നടന്നു. ഇന്ന്. ആറ് വയസ്സുള്ള ഒരു ആൺകുട്ടിയും മൂന്ന് വയസ്സുള്ള ഒരു പെൺകുട്ടിയുമൊത്ത് വണ്ടൂരിനടുത്ത് താമസിക്കുന്നു. ഭർത്താവിന്റെ സ്നേഹവും ഭർതൃവീട്ടുകാരുടെ സഹകരണവും ഇസ്ലാമിന്റെ സ്വാതന്ത്ര്യവും ആവോളം നുകർന്ന് ജീവിതം ആസ്വദിക്കുമ്പോഴും അമ്മയുടെയും സഹോദരങ്ങളുടെയും പാരത്രികജീവിതത്തെ കുറിച്ചാലോചിക്കുമ്പോൾ സങ്കടം തോന്നുന്നു. അല്ലാഹു അമ്മയും സഹോദരങ്ങളുമടങ്ങുന്ന കുടുംബത്തിന് ഹിദായത്ത് നൽകട്ടെ എന്ന് പ്രാർഥിക്കുന്നു.

**വനിതകളുടെ അവകാശങ്ങൾക്കായി കോലാഹലം സൃഷ്ടിക്കുന്ന ഒരു മുസ്ലിം സംഘടനയുടെ സ്ഥാപനത്തിൽ മാസങ്ങളോളം താമസിച്ചു. ജീവിതത്തിൽ ഏറെ ദുഃഖകരമായ ചില പൊരുത്തക്കേടുകൾ അവിടെ കണ്ടു. ഇസ്ലാമിന്റെ വെള്ളിവെളിച്ചം മനസ്സിലേറി കടന്നുവന്ന എന്നെപോലെയുള്ള ഒട്ടനവധി പെൺകുട്ടികൾ... പക്ഷെ, ഇസ്ലാമികസംസ്കാരം പറയാനും പഠിപ്പിക്കാനും അവർ തയ്യാറായിരുന്നില്ല!**